**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** | **12-07-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് വക ഭൂമിയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വാരണാസിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആറേക്കർ ഭൂമിയിൽ 11 സെന്റ് ഒഴികെ ബാക്കിയെല്ലാം കയ്യേറിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് ഉടമസ്ഥാവകാശം തിരികെ പിടിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നിലവിൽ വാരണാസിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളാണുള്ളത്. ആയതിന്റെ പൂർണ്ണ ഉടമസ്ഥാവകാശവും കൈവശാവകാശവും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണ്. |
| (ബി) | വിവിധ ദേവസ്വം ബോർഡുകളുടെയും അവയ്ക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെയും ഭൂമി സംരക്ഷിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് 125( ക്ഷേത്രങ്ങളിലായി 2700 ഏക്കറോള ഭൂമിയുണ്ട്. ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിലെ അനധികൃത കയ്യേറ്റ ഒഴുപ്പിക്കുന്നതിനും അന്യാധീനപ്പെട്ട വസ്തുക്കശ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചു വരുന്നു ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത ഏൽപ്പിക്കുന്ന ഭൂമി അതിർത്തി കെട്ട് സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നു വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമിയില്ല. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കയ്യേറ്റങ്ങശ ഒഴിപ്പിക്കുന്നതിനും, വീണ്ടെടുക്കുന്നതിനു ഫലപ്രദമായ നടപടികൾ ജില്ലാ ഭരണകൂടം വഴ സ്വീകരിച്ചുവരുന്നുണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കയ്യേറ്റങ്ങൾക്ക പട്ടയവുമായി ബന്ധപ്പെട്ട് വിവിധ ലാന്റ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ട |

| | | | |
|---|---|---|---|
| | | | കേസുകളിൽ, ക്ഷേത്രങ്ങളുടെ ഉത്തമ താല്പര്യ സംരക്ഷിക്കത്തക്ക വിധമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനായി, ലാന്റ് ട്രിബ്യൂണൽ അടിസ്ഥാനത്തിൽ അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ച്, ബോർഡിന്റെ ഫണ്ട ഉപയോഗിച്ച്, കേസ് നടത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്ര ഭൂമി അളന്ന് തിട്ടപ്പെടുത്തി വേലി കെട്ടി സംരക്ഷിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമികളിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ വിങ് പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നാളിതുവരെ 9 ½ ഏക്കറോളം ഭൂമി തിരികെ പിടിച്ചിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിന് കീഴിലു കീഴേടങ്ങളിലുമുള്ള ഭൂമികൾ ദേവസ്വ സംരക്ഷിച്ചു വരുന്നുണ്ട്. അന്യാധീനപ്പെട്ട തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശത്തിലുള്ള ഭൂമികൾ നല്ല രീതിയിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം ഭൂമിയിൽ ഉപയോഗ ശൂന്യമായി കിടക്കുന്നവ ഫലപ്രദമായി വിനിയോഗിക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കാമോ; | (സി) | ദേവസ്വം ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി 13.07.2021, 08.06.2022 തീയതികളിൽ കൂടിയ യോഗം, ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ദേവസ്വം ഭൂമി വിവാദങ്ങൾക്കിടവരാത്ത വിധം ഫലപ്രദമായി വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വങ്ങൾ താഴെ പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തരിശു ഭൂമിയിൽ അനുയോജ്യമായ വിളകൾ ഉൾപ്പെടെ കൃഷി ചെയ്യുന്നതിലേയ്ക്കായി ദേവഹരിതം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷേത്രങ്ങളോട് ചേർന്ന് നക്ഷത്ര വനം പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭൂമി ഫലപ്രദമായി ഉപയുക്തമാക്കി, ക്ഷേത്രവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പലവിധ പദ്ധതികൾ ക്ഷേത്രങ്ങളുടെ വരുമാന ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തരിശായി കിടക്കുന്ന ഭൂമിയിൽ കെ.എസ്.ഇ.ബി. മുഖാന്തിരം സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി പ്രോത്സാഹിപ്പിക്കുന്ന നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. വരുമാനം കൂടിയ സ്പെഷ്യൽ, എ ഗ്രേഡ് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം തന്നെ ഓഡിറ്റോറിയങ്ങൾ, കല്ല്യാണ മണ്ഡപങ്ങൾ, ടൂറിസ്റ്റ് ഹോം തുടങ്ങിയ അനുബന്ധ വരുമാന വർദ്ധനവിനുള്ള സംരഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ശ്രീ കാടാമ്പുഴ ഭഗവതി ദേവസ്വത്തിൽ, നിർദ്ധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നതിന് സൗകര്യം ഒരുക്കുന്നതിനായി ഡയാലിസിസ് സെന്റർ-കം-സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വം ഭൂമിയിൽ 3 നിലകളോട്ടുകൂടിയസംഗമേശ്വര കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകിക്കഴിഞ്ഞു. ദേവസ്വത്തിന്റെ അധീനതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലെ ഭൂമികളിൽ വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ ഭൂമി ഉപയോഗ യോഗപ്രദമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. |
| (ഡി) | ക്ഷേത്ര ഭൂമിയിൽ ഏതെങ്കിലും സംഘടന ശാഖ നടത്തുന്നത് പോലുള്ള ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ കർശന നടപടിയുണ്ടാകുമോ? | (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ചില ദേവസ്വങ്ങളിൽ ആർ.എസ്.എസ്. എന്ന സംഘടയുടെ ശാഖകൾ പ്രവർത്തിക്കുന്നതായും അവർ മാസ് ഡ്രിൽ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലിൽ ഇത്തരത്തിലുള്ള ശാഖകൾ പ്രവർത്തിക്കുകയോ മാസ് ഡ്രിൽ നടത്തുകയോ ക്ഷേത്രാചാരങ്ങൾക്ക് ഹിതമല്ലാത്ത പ്രവർത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി 30.03.2021 ൽ |

| | | | |
|---|---|---|---|
| | | | സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, കൂടൽ മാണിക്യം ദേവസ്വം, ഗുരുവായൂർ ദേവസ്വം എന്നിവയുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംഘടനകൾ ശാഖ പോലുള്ള പ്രവൃത്തികൾ നടത്തി വരുന്നതായി നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ